**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5548** **13-08-2021 - ൽ മറുപടിയ്ക്ക്**

**ജലാശയങ്ങളിലെ സൗരോർജ്ജ പ്ലാന്റുകൾ മൂലം പരിസ്ഥിതിക്കുള്ള കോട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു.എ.ലത്തീഫ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനമേഖലയിലെ ജലാശയങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതിക്കായി ഒരുക്കുന്ന അനുബന്ധ സംവിധാനങ്ങൾ പരിസ്ഥിതിയെയും വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥയേയും ദോഷകരമായി ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. ഇത്തരം സൗരോർജ്ജ പ്ലാൻറുകളുമായി ബന്ധപ്പെട്ട പാനലുകൾ ജലാശയങ്ങളിൽ സൂര്യപ്രകാശം ഒരേ രീതിയിൽ ലഭിക്കുന്നതിന് തടസ്സമാകുകയും ഇതിന്റെ ഫലമായി ജലാശയത്തിലെ ഫോട്ടോസിന്തസിസ് പ്രവർത്തനങ്ങൾ കുറയുകയും മത്സ്യങ്ങളുടെ പ്രധാന ഭക്ഷണമായ phytoplankton വളർച്ച തടസ്സപ്പെടുത്തുന്നതിനും മത്സ്യ സമ്പത്ത് നശിച്ച് പോകുന്നതിനും ഇടയാക്കുന്നതാണ്. ഈ പ്രതിഭാസം മൂലം ജലാശയത്തിലെ ഊഷ്മാവ് വർദ്ധിക്കുന്നതിനും വെള്ളത്തിലെ പോഷകഗുണം കുറയുന്നതിനും ആൽഗേകൾ ഉണ്ടാകുന്നതിനും ഇടയാകുന്നു. ഇതിന്റെയെല്ലാം ഫലമായി മത്സ്യസമ്പത്തിനെ ആശ്രയിച്ച് കഴിയുന്ന ദേശാടനപക്ഷികളും, മറ്റ് ജീവിവിഭാഗങ്ങളും ഭക്ഷണ ലഭ്യതകൂടുതലുള്ള സ്ഥലങ്ങൾ തേടി പോകുന്നതിനോ നശിച്ച് പോകുന്നതിനോ ഇടയാകുന്നു. ഇങ്ങനെ മത്സ്യ ലഭ്യതയിൽ ഉണ്ടാകുന്ന കുറവ് മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്ന തദ്ദേശീയരായ വന വാസികളായവരേയും ബാധിക്കും. |
| (ബി) | പ്രസ്തുത സംവിധാനങ്ങൾ വനമേഖലയെ ദോഷകരമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്; വിശദാംശം നൽകുമോ? | (ബി) | പരിശോധിച്ചിട്ടുണ്ട്. ഇത്തരം സൗരോർജ്ജ പ്ലാൻറുകളുമായി ബന്ധപ്പെട്ട പാനലുകൾ ജലാശയങ്ങളിൽ സൂര്യപ്രകാശം ഒരേ രീതിയിൽ ലഭിക്കുന്നതിന് തടസ്സമാകുകയും ഇതിന്റെ ഫലമായി ജലാശയത്തിലെ ഫോട്ടോസിന്തസിസ് പ്രവർത്തനങ്ങൾ കുറയുകയും മത്സ്യങ്ങളുടെ പ്രധാന ഭക്ഷണമായ phytoplankton വളർച്ച തടസ്സപ്പെടുത്തുന്നതിനും മത്സ്യ സമ്പത്ത് നശിച്ച് പോകുന്നതിനും ഇടയാക്കുന്നതാണ്. ഈ പ്രതിഭാസം മൂലം ജലാശയത്തിലെ ഊഷ്മാവ് വർദ്ധിക്കുന്നതിനും വെള്ളത്തിലെ പോഷകഗുണം കുറയുന്നതിനും |

| | | | |
|---|---|---|---|
| | | | ആൽഗേകൾ ഉണ്ടാകുന്നതിനും ഇടയാകുന്നു. ഇതിന്റെയെല്ലാം ഫലമായി മത്സ്യസമ്പത്തിനെ ആശ്രയിച്ച് കഴിയുന്ന ദേശാടനപക്ഷികളും, മറ്റ് ജീവിവിഭാഗങ്ങളും ഭക്ഷണ ലഭ്യതകൂടുതലുള്ള സ്ഥലങ്ങൾ തേടി പോകുന്നതിനോ നശിച്ച് പോകുന്നതിനോ ഇടയാകുന്നു. ഇങ്ങനെ മത്സ്യ ലഭ്യതയിൽ ഉണ്ടാകുന്ന കുറവ് മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്ന തദ്ദേശീയരായ വന വാസികളായവരേയും ബാധിക്കും. |

സെക്ഷൻ ഓഫീസർ